بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 02.08.2024

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഹദീഖത്തുൽ മഹ്ദിയിലെ ജൽസാ ഗാഹിൽ നിർവഹിച്ചത്.*

# യു.കെ. ജൽസയിലെ ദൈവാനുഗ്രഹങ്ങളും അതിഥികളുടെ അഭിപ്രായങ്ങളും

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അൽഹംദുലില്ലാഹ് കഴിഞ്ഞ ആഴ്ച യു.കെ. ജൽസാ സാലാന അല്ലാഹുവിന്റെ അനുഗ്രഹാസിസ്സുകളുടെ ദൃശ്യങ്ങൾ കാണിച്ചുതന്നുകൊണ്ട് സമാപിച്ചു. ഈ മൂന്ന് ദിവസങ്ങൾ വലിയ അനുഗ്രഹങ്ങളുടെ ദിവസങ്ങളായിരുന്നു. അത് സ്വന്തക്കാരിലും അന്യരിലും നല്ല അഭിപ്രായമാണ് ഉണ്ടാക്കിയിട്ടുള്ളത്. മാന്യരായ ചില ആളുകളുടെ അഭിപ്രായങ്ങൾ വിവരിക്കുന്നതാണ്. പക്ഷെ അതിനുമുമ്പെ വളണ്ടിയർമാർക്ക് നന്ദി പറയാൻ ആഗ്രഹിക്കുന്നു. അവർ ജൽസക്ക് മുമ്പും ജൽസവേളയിലും ജൽസക്കുശേഷവും സംവിധാനങ്ങൾ ചെയ്യാനും അതിനെ സ്വരുക്കൂട്ടാനും തങ്ങളുടെ കർത്തവ്യങ്ങൾ അനുഷ്ഠിക്കുകയുണ്ടായി. ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിലെ സ്ത്രീകളുടേയും പുരുഷന്മാരുടെയും കുട്ടികളുടെയും ഈ സവിശേഷതയെ അന്യരായ ആളുകൾപോലും ശ്ലാഘിക്കുന്നു. വളണ്ടിയർമാർ ഇങ്ങനെ തങ്ങളുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നത് ഒരു നിശബ്ദ തബ്ലീഗ് ആണ്. ജൽസയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട വളണ്ടിയേഴ്സിനും ഇതിൽ സവിശേഷമായ പങ്കുണ്ട്. അവർ ഇവിടെയുള്ള വഴിയിലോ ഗേറ്റിലോ ചെക്കിംഗിലോ പാർക്കിംഗിലോ ഭക്ഷണ വിതരണത്തിലോ ഭക്ഷണം തയ്യാറാക്കുന്നതിലോ വൃത്തിയാക്കുന്നതിലോ വെള്ളം കൊടുക്കുന്ന ഡ്യൂട്ടിയിലോ അതല്ല വിവിധ സ്ഥലങ്ങളിൽ ഡ്യൂട്ടിയിലുള്ള കുട്ടികളോ എല്ലാവരും എല്ലാ നിലക്കും ജൽസാ സാലാനയിൽ പ്രവർത്തിക്കുന്നവർ സക്രിയരായി കാണപ്പെടുന്നു. അവരെല്ലാം നന്ദി അർഹിക്കുന്നവരാകുന്നു.

ഒരുപാട് ആളുകൾ വളണ്ടിയർമാരെ സംബന്ധിച്ച് ശ്ലാഘിച്ചുകൊണ്ട് പറയുകയും എഴുതി അയക്കുകയും ചെയ്തിട്ടുണ്ട്. അന്യരായ അതിഥികൾ അത്തരം അഭിപ്രായങ്ങളുമായാണ് ഇവിടെ നിന്ന് പോകുന്നത്. അതുപോലെ വിവിധ രാജ്യങ്ങളിൽ ഇരുന്ന് തങ്ങളിലേക്ക് എം.ടി.എ. മുഖേന നല്ല നിലയിൽ ജൽസാപ്രോഗ്രാമുകൾ എത്തിവരും കൃതജ്ഞത അർഹിക്കുന്നവരാണെന്ന് പറയുന്നു. ഈ എല്ലാ വളണ്ടിയർമാർക്കും ഞാനും നന്ദി പറയുന്നു. ഈ വർഷം യു.കെ.യിലെ വളണ്ടിയർമാരോടൊപ്പം പ്രവർത്തിക്കാൻ ഇതാദ്യമായി വലിയൊരു സംഘം ഖുദ്ദാം വളണ്ടിയർമാർ മൊറിഷ്യസിൽനിന്നും വരികയുണ്ടായി. നല്ലപോലെ പ്രവർത്തിക്കയുണ്ടായി. അതുപോലെ കാനഡയിൽ നിന്നും ഖുദ്ദാം വരികയുണ്ടായി. അവർ വൈൻഡ് അപ്പിൽ സഹായിക്കുകയുണ്ടായി. അല്ലാഹു അവർക്കെല്ലാം തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

പ്രസ്സ് മീഡിയ കവറേജ് ഈ വർഷം വളരെ നല്ല നിലയിൽ ഉണ്ടായി. അതുപോലെ ട്രാഫിക് സംവിധാനവും വളരെ നല്ല നിലയിലായിരുന്നു. അയൽവാസികളും അതിൽ സന്തോഷവാന്മാരാണ്. ഒരു പക്ഷെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഹാജർ നില കുറവാണെന്നും അതുകൊണ്ടാണ് വളരെ സുഗമമായി ട്രാഫിക് നടന്നതെന്നും അവർ ധരിച്ചിട്ടുണ്ടാകും. വാസ്തവത്തിൽ ഹാജർ നില കഴിഞ്ഞ വർഷത്തേക്കാളും 2000 അധികമായിരുന്നു. അവരോട് അത് പറഞ്ഞപ്പോൾ അവർ അതിൽ ആശ്ചര്യപ്പെടുകയുണ്ടായി. മാശാഅല്ലാഹ് നല്ല സംവിധാനമായിരുന്നു. നമ്മുടെ ഈ പ്രദേശത്തുള്ള കൗൺസിലർ അഹ്മദിയും മുറബ്ബിയുമാണ്. അയൽവാസികളോട് നല്ല ബന്ധമുള്ള അദ്ദേഹം ട്രാഫിക് പ്ലാനിംഗ് നല്ല നിലയിൽ നിർവ്വഹിക്കുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിനും നല്ല പ്രതിഫലം നൽകുമാറാകട്ടെ.

(ഞാൻ കേൾപ്പിക്കാൻ പോകുന്ന) അഭിപ്രായപ്രകടനം നടത്തിയവരുടെ ഹൃദയങ്ങൾ അല്ലാഹു തുറക്കുകയും അഹ്മദിയ്യത്തിന്റെ സന്ദേശം ശരിയായി മനസ്സിലാക്കുന്നവരാക്കുകയും ചെയ്യട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ആഗമനോദ്ദേശ്യം കൈവരിക്കാൻ നമുക്കും തൗഫീഖ് നൽകുമാറാകട്ടെ. കേവലം ഈ 3 ദിവസം മാത്രമല്ല മറിച്ച് അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ നമുക്ക് കഴിയുമാറാകട്ടെ.

ഫ്രഞ്ചഗിയാനയിൽനിന്നും ജൽസയിൽ വന്ന് ജൽസക്കിടയിൽ ബൈഅത്തിന് തൗഫീഖ് ലഭിച്ച ഇസ്മാഈൽ ബെലിൻ സാഹിബ് പറയുന്നു: ഞാൻ എന്റെ ജീവിതത്തിൽ ലോകത്തിലെ എല്ലാ വലിയ ഭാഷക്കാരും തലമുറകളും ഒരുമിച്ചുകൂടിയ ഇത്തരം പരിപാടി ഒരിക്കലും കണ്ടിട്ടില്ല. ജൽസയിൽ പങ്കെടുത്തപ്പോൾ ഇത് സത്യജമാഅത്താണെന്നും മുഹമ്മദ്[സ]ന്റെ ജമാഅത്താണെന്നുമുള്ള എന്റെ കേവല വിശ്വാസം ദൃഢവിശ്വാസമായി മാറി. നമ്മൾ നമ്മുടെ നബി[സ]ന്റെ ആഹ്വാനത്തിന് ലബ്ബൈക്ക് പറയാതെയും കാലത്തിന്റെ ഇമാമായ മസീഹ് മൗഊദിനെ വിശ്വസിക്കാതെയുമിരുന്നാൽ നമ്മൾ വഴികേടിലാകുന്നതാണ്.

ജപ്പാനിൽനിന്ന് വന്ന ബുദ്ധമതത്തിന്റെ ചീഫ് പ്രീസ്റ്റ് സാഹിബ് പറയുന്നു: (വളണ്ടിയർമാരുടെ സേവനം മാതൃകാപരമായിരുന്നു.) ആദ്യ ദിവസം മുതൽ അവസാന ദിവസംവരെയും വളണ്ടിയർമാരുടെ ആവേശവും വികാരവും ഒരുപോലെ നിലനിന്നിരുന്നു. ഞാനുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹത്തോട് ഞാൻ പറഞ്ഞു: ഏക ദൈവത്തിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണ്. അത് സംബന്ധിച്ച് ചിന്തിക്കുകയും മനസ്സിലാക്കുകയും വേണം. അദ്ദേഹം പറയുന്നു: ഞാൻ ബുദ്ധമതാനുയായി ആയതുകൊണ്ട് പരമ്പരാഗതമായി ഏകദൈവത്തിൽ വിശ്വസിക്കുന്ന ആളല്ല. പക്ഷെ ഈ ലോകത്തിന് ഒരു സ്രഷ്ടാവും ഉടമസ്ഥനുമുണ്ടെന്നും നമ്മളെല്ലാം അവന്റെ സൃഷ്ടികളാണെന്നും നമ്മുടെ സ്രഷ്ടാവും ഉടമസ്ഥനുമായ നാഥന്റെ സാമീപ്യം നേടാൻ കഴിയുമെന്നും എന്റെ മനസ്സ് പറയുന്നു. ഏതായാലും അല്പമാണെങ്കിലും അല്ലാഹുവിലേക്ക് ചുവട് വെക്കാൻ അദ്ദേഹത്തിന് തോന്നലുണ്ടായിരിക്കുന്നു.

കൊസോവയിൽനിന്ന് വന്ന ഒരു അതിഥി പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ കേട്ടപ്പോൾ മനസ്സിൽ ആത്മീയ മാറ്റം ഉണ്ടായതായി അനുഭവപ്പെടുന്നു. ഈ അന്തരീക്ഷം എന്റെയുള്ളിൽ ഇസ്‌ലാം അഹ്മദിയ്യത്തിനോട് സ്നേഹം ഊട്ടിയുറപ്പിച്ചിരിക്കുന്നു. ഞാൻ പോകുന്നിടത്ത് എല്ലാം അഹ്മദിയ്യത്തിന്റെ യഥാർഥ അധ്യാപനങ്ങൾ പഠിക്കാൻ ഞാൻ ആളുകളോടു പറയുന്നതാണ്.

ചിലിയിൽനിന്ന് വന്ന ചിലി ദേശീയ ഭരണകൂടത്തിലെ ഡയറക്ടർ ഓഫ് വർഷിപ്പ് ആയ അതിഥി പറയുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് ചിലിയിൽ ഉള്ള മുസ്‌ലിം സംഘടനകളോട് ചോദിച്ചപ്പോൾ എല്ലാവരും മോശം പ്രതികരണമാണ് നടത്തിയത്. അവർ മുസ്‌ലിംകളെല്ലെന്ന് പറയുകയുണ്ടായി. ഞാൻ നിങ്ങളുടെ ഖലീഫയുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ഇനി ഞാൻ എന്റെ റോൾ ഭംഗിയായി നിർവ്വഹിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. മാത്രമല്ല എന്റെ കീഴിലുള്ളവരോട് അഹ്മദികൾ വെറും മുസ്‌ലിംകൾ അല്ല മറിച്ച് ഏറ്റവും നല്ല മാതൃകകളായ മുസ്‌ലിംകളാണെന്ന് പറയുകയും ചെയ്യുന്നതാണ്.

ഹോളണ്ടിൽനിന്ന് വന്ന ഒരു വനിത പറയുന്നു: ഈ ജൽസയിൽ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്ന് ആളുകൾ വന്നിരുന്നു. വിസ്മയിപ്പിക്കുന്ന സാഹോദര്യമായിരുന്നു. ആഗോളബൈഅത്ത് ജീവിതത്തിലൊരിക്കലും മറക്കുന്നതല്ല. ജമാഅത്ത് ചെയ്യുന്നതുപോലെ ലോകത്ത് എല്ലാവരും മനുഷ്യത്വത്തിനുവേണ്ടി കൂടുതൽ ഉണർവും സഹാനുഭൂതിയും പ്രദർശിപ്പിച്ചാൽ തീർച്ചയായും ലോകത്തിലെ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ കഴിയുന്നതാണ്.

അർജന്റീനിയയിൽനിന്ന് വന്ന നാഷണൽ സെക്രട്ടറി ഓഫ് വർഷിപ്പിന്റെ പ്രതിനിധിയായ അതിഥി പറയുന്നു: ഞാൻ നിങ്ങളുടെ ജൽസയെ അസൂയാവഹമായ കണ്ണുകളുമായിട്ടാണ് കാണുന്നത്, നിങ്ങൾ എത്ര മനോഹരമായും അച്ചടക്കത്തോടെയുമാണ് ഇത്രയും വലിയ ജനസഞ്ചയത്തിന് സംവിധാനമൊരുക്കിയിരിക്കുന്നത്. ഞങ്ങളുടെ നാട്ടിൽ ഇത് സാധ്യമല്ല. സ്ത്രീകളോട് ഉണ്ടായിരുന്ന ഖലീഫയുടെ പ്രഭാഷണം എനിക്ക് വളരേ ഇഷ്ടപ്പെട്ടു.

തായ്‌വാനിൽനിന്നു വന്ന ഡോക്ടറായ അതിഥി പറയുന്നു: (വിവിധ രാജ്യങ്ങളിൽ വലിയ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുള്ള) ഞാൻ വളണ്ടിയർമാർ നടത്തുന്ന ഇത്രയും വിലയ സമ്മേളനം എവിടെയും കണ്ടിട്ടില്ല. ലജ്നയോടുള്ള പ്രഭാഷണത്തിനിടയിൽ അഹ്മദി ബാലികമാരും യുവതലമുറയും ഖലീഫയോട് എത്രമാത്രം സ്നേഹമുള്ളവരാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു.

കാനഡിൽനിന്നുള്ള യാസിൻ അഹ്മദ് സാഹിബ് പറയുന്നു: ഞാൻ അഹ്മദിയ്യാ ജൽസാ സാലാനയെ മതപരമായ നിലയിൽ വളരെ യുക്തിസഹവും ബുദ്ധിപരവുമായ ഒന്നായിട്ടാണ് കാണുന്നത്.

അഹ്മദികളുടെ പ്രൗഢിയും ക്ഷമയും സഹിഷ്ണുതയും ഇസ്‌ലാമികാധ്യാപനങ്ങളുടെ സമത്വ ദർശനവും നൂറ്റാണ്ടുകളായുള്ള മതപരമായ രക്തച്ചൊരിച്ചിലിന്റെ ഉഗ്രപാദത്തിനുശേഷം ദൈവിക ദർശനങ്ങൾക്ക് കീഴിൽ ഒരു സമാധാനപൂർണ്ണമായ ജീവിതത്തിനുള്ള സുവാർത്തയാണ്.

ഉറുഗ്വേയിൽനിന്ന് വന്ന അനഹ്മദി അതിഥി പറയുന്നു: ജൽസയിൽ പങ്കെടുത്തത് എന്റെ ആത്മീയ ജീവിതത്തിൽ നല്ല പ്രഭാവമാണ് ഉണ്ടാക്കിയത്. പ്രാർത്ഥിക്കുന്ന സമയത്തുള്ള പുരുഷന്മാരുടെ കണ്ണീരൊഴുക്കലായിരുന്നു എനിക്ക് ഏറ്റവും സ്മരണീയമായ മുഹൂർത്തം.

ഐസ്‌ലൻഡിൽ നിന്നുള്ള ഒരു അതിഥി പറയുന്നു: ജലസയിൽ ഇത്രയധികം ആളുകൾ ഉണ്ടായിരുന്നിട്ടും പർദയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നുവെന്നത് നിസാരമായ കാര്യമല്ല.

ടാൻസാനിയ, സിറയലിയോൺ, സ്പെയിൻ, ബ്രസീൽ, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള അതിഥികളുടെ അഭിപ്രായങ്ങൾ വിവരിച്ച ശേഷം ഹുസൂർ അൻവർ പറഞ്ഞു: ഇവയാണ് ഞാൻ വിവരിച്ച ചില അഭിപ്രായങ്ങൾ. ജൽസ സാലാനയുടെ ഫലമായി ബൈഅത്തിന്റെ ഒരു റിപ്പോർട്ട് ഇപ്രകാരമാണ്, ഗിനിയബിസാവുവിലെ ഒരു ഗ്രാമത്തിലെ പ്രമുഖനോട് കൂടെ എൺപത്തിയഞ്ച് പേർ കൂറ് ബൈഅത്തു ചെയ്തു. ടാൻസാനിയയിലെ ഒരു ഗ്രാമത്തിലെ മസ്ജിദിന്റെ ഇമാമും നൈജറിലെ ഒരു മദ്രസാ അദ്ധ്യാപികയും ബൈഅത്തു ചെയ്തു. കോംഗോ ബ്രസാവേലിൽ ജൽസക്കിടയിൽ 12 പേർ ബൈഅത്തു ചെയ്യുകയുണ്ടായി. യു.കെ.യിൽനിന്നുള്ള തബ്‌ലീഗ് വിഭാഗം റിപ്പോർട്ട് ചെയ്യുന്നത്, ജൽസക്കിടയിൽ യു.കെ. യുമായി ബന്ധമുള്ള 22 പേർക്ക് ബൈഅത്തു ചെയ്യാൻ തൗഫീഖ് ലഭിച്ചു. 1000 അഹ്മദികളല്ലാത്ത അതിഥികൾ ജൽസയിൽ പങ്കെടുത്തു.

ഈ വർഷം 50 വെബ്സൈറ്റുകളിലായി 15 ദശലക്ഷം ആളുകൾ ജൽസയുടെ വാർത്തകൾ വായിച്ചുവെന്ന് ഓൺലൈൻ കവറേജ് റിപ്പോർട്ട് ചെയ്യുന്നു. പ്രിന്റ് കവറേജ് ലേഖനങ്ങളുടെ എണ്ണം 14 ഉം പത്രങ്ങളുടെ വായനക്കാരുടെ എണ്ണം 5 ദശലക്ഷമാണെന്നും കണക്കാക്കപ്പെടുന്നു. ടിവി റേഡിയോ വഴിയുള്ള പ്രേക്ഷകരുടെ എണ്ണം 10 ലക്ഷം വരും. വിവിധ റേഡിയോ സ്റ്റേഷനുകളിലെ ശ്രോതാക്കളുടെ എണ്ണവും 10 ലക്ഷമാണ്. അതുപോലെ, മഖ്സനെ തസാവീർ, ചരിത്രം, മറ്റ് വകുപ്പുകൾ എന്നിവയുടെ എക്സിബിഷൻ കണ്ട് നിരവധി ആളുകളിൽ വളരെ മതിപ്പുളവാക്കിയിട്ടുണ്ട്. ഈ പ്രദർശനങ്ങളെല്ലാം തബ്‌ലീഗിനുള്ള ഉപാധി കൂടിയായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, 40 ദശലക്ഷത്തിലധികം ആളുകൾ ജൽസാ സാലാനയുടെ വാർത്തകൾ കാണുകയും കേൾക്കുകയും ചെയ്തു. അടുത്ത ദിവസങ്ങളിലും കൂടുതൽ കവറേജ് പ്രതീക്ഷിക്കുന്നുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് തർബിയത്തിനും ആത്മീയ വികാസത്തിനും വഴിയൊരുക്കിയ ഈ ജൽസ അന്യർക്ക് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ മനസ്സിലാക്കാനും അവരെ ദൈവവുമായി അടുപ്പിക്കാനും ഒരു ഉപാധിയായി മാറി. അതിനാൽ, അതിനായി, നാം കൂടുതലായി അല്ലാഹുവിന്റെ മുന്നിൽ കുനിയുന്നതോടൊപ്പം അവനോട് നന്ദിയുള്ളവരായിരിക്കുകയും ചെയ്യുന്നിടത്ത് അല്ലാഹുവിന്റേയും വാഗ്ദത്ത മസീഹ്(അ)ന്റേയും സന്ദേശത്തെ എത്തിക്കുന്നതിൽ മുമ്പത്തേക്കാൾ കൂടുതൽ എപ്പോഴും പരിശ്രമിക്കേണ്ടതാണ്. അല്ലാഹു അതിന് തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَنَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Jalsa Gah, Hadeeqatul Mahdi, UK – on 02.08.2024
Malayalam Translation & layout: **Moulavi T. Jamshad Mukkam**
Typing: M.P Abdul Latheef Puthoormadam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516